അഭിമുഖം

●

കെ.കെ ഫാത്വിമ സുഹ്റ / ഫൗസിയ ഷംസ്, ഖാസിദ കലാം

**കേരള ചരിത്രത്തിൽ തന്നെ പുതുമയേറിയതും ആദ്യത്തേതുമാണ് 2010 ജനുവരി 24-ന് ജമാഅത്തെ ഇസ്‌ലാമി കേരള ഘടകം കുറ്റിപ്പുറത്ത് സംഘടിപ്പിക്കുന്ന വനിതാ സംസ്ഥാന സമ്മേളനം. സ്ത്രീകൾ സ്ത്രീകൾക്ക് വേണ്ടി നടത്തുന്ന സമ്മേളനം. സ്ത്രീകളുടെ അവകാശങ്ങൾ കവർന്നെടുത്ത് അവരെ അധഃസ്ഥിതരാക്കി ഇരുട്ടിൽ നിർത്തുന്ന പൗരോഹിത്യത്തിനും തൽപരകക്ഷികൾക്കുമെതിരെ നടക്കുന്ന ഏറ്റവും ശക്തമായ സമരപ്രഖ്യാപനം. സമ്മേളനത്തിന്റെ മുഖ്യസംഘാടകരിലൊരാളും ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറിയുമായ കെ.കെ ഫാത്വിമ സുഹ്റ സമ്മേളന ലക്ഷ്യങ്ങളും പരിപാടികളും വിശദീകരിക്കുന്നു.**

# ഈ വനിതാ സമ്മേളനം എന്തുകൊണ്ട് വ്യത്യസ്തമാവുന്നു?



**കേരളം ആദ്യമായി ഒരു വനിതാസമ്മേളനത്തിന് സാക്ഷ്യം വഹിക്കുകയാണല്ലോ? അതിന്റെ പ്രധാന സാരഥി എന്ന നിലക്ക് ഇങ്ങനെയൊരു സമ്മേളനത്തിന്റെ പ്രസക്തിയെക്കുറിച്ച്?**

പെണ്ണിനെ പട്ടിന്റെയും പൊന്നിന്റെയും ലോകത്ത് തളച്ചിട്ട്, സ്ത്രീയെന്നാൽ ശരീരമാണെന്നും ശരീരമെന്നാൽ വെളുപ്പാണെന്നും ഉള്ള ഒരു മനോഭാവം സമൂഹം ഇന്ന് സ്ത്രീയുടെ ഉള്ളിൽ രൂപപ്പെടുത്തി

യിരിക്കുന്നു. അത് മാറണം. അവളുടെ യഥാർഥ പ്രകൃതിക്കും ചരിത്രം അവൾക്ക് നൽകിയ സ്ഥാനങ്ങൾക്കും യാതൊരു വിലയും കൽപ്പിക്കാത്ത വിധമാണ് സമൂഹം അവളോട് പെരുമാറുന്നത്. ആ അവസ്ഥയും തിരുത്തപ്പെടണം. അതിന് ഈ സമ്മേളനം വഴിവെക്കുമെന്നാണ് പ്രതീക്ഷ. സ്ത്രീശാക്തീകരണമാണ് സമ്മേളന ലക്ഷ്യം. കഴിവുള്ള സ്ത്രീകൾ ഇന്ന് ധാരാളമുണ്ട്. പക്ഷേ ആ കഴിവുകൾ ശരിയായ വിധം വിനിയോഗിക്കപ്പെടുന്നില്ല.

സ്ത്രീകളിൽ പ്രകൃത്യാതന്നെ പല കഴിവുകളും സദ്ഗുണങ്ങളും നിലീനമാണ്. സ്നേഹം, കരുണ, സേവന മനഃസ്ഥിതി അങ്ങനെ പലതും. 'ക്ഷമയാം ധരിത്രി' എന്നല്ലേ സ്ത്രീയെപ്പറ്റി പറയുന്നത്. അത്തരം കഴിവുകൾ ഒന്നുകിൽ തെറ്റായി ഉപയോഗിക്കപ്പെടുന്നു; അല്ലെങ്കിൽ സ്ത്രീസമൂഹം തികച്ചും നിഷ്ക്രിയരായി ഒതുങ്ങിക്കൂടേണ്ട സാഹചര്യം സൃഷ്ടിക്കപ്പെടുന്നു. കുറച്ചുശതമാനം സ്ത്രീകൾക്കേ തങ്ങളുടെ കഴിവ് പ്രകടിപ്പിക്കാൻ അവസരം ലഭിക്കുന്നുള്ളൂ. ബാക്കിയുള്ളവരുടെ കഴിവും യുവത്വവും വേണ്ടവിധം വിനിയോഗിക്കപ്പെടുന്നില്ല. ഈ കഴിവുകൾ വളർത്തിയെടുക്കാൻ അനുകൂല സാഹചര്യം ഉണ്ടാകണം. സ്ത്രീസമൂഹത്തിന്റെ പ്രകൃത്യാ ഉള്ള കഴിവും ശ്രമിച്ചാൽ ഉണ്ടാക്കിയെടുക്കാൻ പറ്റുന്ന കഴിവും കൂടി സമൂഹത്തിന് പ്രയോജനപ്പെടുത്തുക എന്നതാണ് സമ്മേളനലക്ഷ്യം.

**സ്ത്രീകൾക്ക് മാത്രമായി ഒരു സമ്മേളനം എന്ന ആശയം ആരുടെതാണ്?**

ജമാഅത്തെ ഇസ്‌ലാമി ആന്ധ്രപ്രദേശ് ഘടകം ഹൈദരാബാദിൽ വനിതകൾക്ക് മാത്രമായി ഒരു സമ്മേളനം നടത്തിയിരുന്നു. അമ്പതിനായിരം പേരാണ് അന്നതിൽ പങ്കെടുത്തത്. അതിന്റെ മൈക്ക് ഓപ്പറേറ്റർ മുതൽ എല്ലാം സ്ത്രീകളായിരുന്നു. ജമാഅത്തെ ഇസ്‌ലാമി നന്നായി പ്രവർത്തിക്കുന്ന സംസ്ഥാനമാണ് ആന്ധ്ര. ആ സമ്മേളനം പ്രസ്ഥാനത്തിന് നല്ല ഇമേജുണ്ടാക്കി. മീഡിയയും വലിയ കവറേജ് നൽകി. കേരളത്തിൽ നിന്നും പ്രതിനിധികളുണ്ടായിരുന്നു. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള സ്ത്രീകളും പങ്കെടുത്തു. രണ്ടുവർഷം മുമ്പായിരുന്നു അത്. ആ സമ്മേളനമാണ് കേരളാ ജമാഅത്തിന് പ്രചോദനമായത്. അതിനുശേഷം അതിലും വലിയ ജനപങ്കാളിത്തത്തിൽ ഒരു സമ്മേളനം നടത്തണമെന്ന് അന്നേ ആലോചിച്ചിരുന്നു.

**കുറ്റിപ്പുറം സമ്മേളനത്തിന്റെ ആസൂത്രണം എങ്ങനെയാണ്?**

സഹോദര സമുദായങ്ങളിൽനിന്ന് ഉൾപ്പെടെഒരു ലക്ഷത്തിലധികം സ്ത്രീകളെ പങ്കെടുപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. വിദേശ പ്രതിനിധികൾ പങ്കെടുക്കും. സഫാ നഗർ എന്നാണ് സമ്മേളന നഗരിയുടെ പേര്. മാസങ്ങൾ നീണ്ടുനിൽക്കുന്ന പ്രചാരണ-ബോധവത്കരണ പരിപാടികളുടെ സമാപനം മാത്രമാണ് കുറ്റിപ്പുറത്ത് നടക്കുന്നത്. സമ്മേളന സന്ദേശം കേരളത്തിന്റെ മുക്കുമൂലകളിൽ വരെ എത്തിക്കുക എന്നതാണ് പ്രധാനം. അതിന്റെ ഭാഗമായി ഒരുപാട് പരിപാടികൾ നാം ആസൂത്രണം ചെയ്യുന്നുണ്ട്. എറണാകുളം, ആലപ്പുഴ, കണ്ണൂർ, കോഴിക്കോട്, തൃശൂർ ജില്ലകളിൽ സെമിനാറുകൾ നടത്തും, വ്യാപകമായി ടേബിൾ ടോക്കുകൾ സംഘടിപ്പിക്കും, ഏരിയാതല പരിപാടികൾ വേറെയും. വീടുവീടാന്തരം കയറിയിറങ്ങി സ്‌കാഡ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

ജനങ്ങളിലേക്ക് സമ്മേളന സന്ദേശം എത്തിക്കാൻ വീടുവീടാന്തരം കയറിയിറങ്ങുക എന്നതാണ് പ്രധാനമായും കണ്ടിട്ടുള്ളത്. കവല പൊതുയോഗങ്ങളിൽ സ്ത്രീകൾ തന്നെയാവും പ്രസംഗിക്കുക. ഈദ് മീറ്റ്, കുട്ടികളെ പങ്കെടുപ്പിച്ച് വിളംബര ജാഥ എന്നിവയും സംഘടിപ്പിക്കും. സമൂഹത്തോടുള്ള ഉത്തരവാദിത്വങ്ങളെക്കുറിച്ച് സ്ത്രീകളെ ബോധവതികളാക്കുകയും അവരെ സമ്മേളനത്തിൽ പങ്കെടുപ്പിക്കുക

യുമാണ് ലക്ഷ്യം. യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ ഇനി മുന്നോട്ട് പോകേണ്ടിവരും. ഇനി രണ്ടു മാസമാണ് മുന്നിലുള്ളത്. എല്ലാവരും ഒന്നിച്ചിറങ്ങി പ്രവർത്തിക്കണം.

**സമ്മേളനത്തിന്റെ തുടർച്ച, മറ്റു പ്രവർത്തനങ്ങൾ?**

തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിലെ വനിതാ വാർഡുകൾ ഏറ്റെടുത്ത് നവീകരിക്കും. ജില്ലാ ആശുപത്രികളുടെ വാർഡുകൾ നവീകരിക്കാനും പദ്ധതിയുണ്ട്. നിരാലംബരായ ഏതാനും വിധവകളെ ദത്തെടുത്ത് സംരക്ഷിക്കാനും ഉദ്ദേശിക്കുന്നു. ദമ്പതികൾക്കും ദമ്പതികളാവാൻ പോകുന്നവർക്കും കൗൺസിലിംഗ് സെന്റർ തുടങ്ങാനും ആലോചിക്കുന്നുണ്ട്. സമ്മേളനം നടക്കുന്ന മലപ്പുറം ജില്ലയിലെ നിർധനരായ ഏതാനും സ്ത്രീകൾക്ക് തൊഴിലുപകരണങ്ങൾ നൽകും.

സമ്മേളനത്തിന് തുടർച്ച ഉണ്ടാവണമെന്ന് തന്നെയാണ് ആഗ്രഹിക്കുന്നത്. ശക്തമായ ബോധവത്കരണത്തിലൂടെ സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനമെന്താണെന്നും എന്തെല്ലാമാണ് അവളുടെ അവകാശങ്ങളെന്നും വ്യക്തമാക്കി കൊടുക്കണം. അതിന് രണ്ടുമാസത്തെ കാലയളവ് മതിയാകില്ല. തുടർ പ്രവർത്തനങ്ങൾ ഉണ്ടായേ പറ്റൂ.

**സമ്മേളന ചെലവുകൾ?**

സുമനസ്സുകളുടെ സഹായസഹകരണം മാത്രമാണ് ആകെയുള്ള മൂലധനം. നമ്മൾ ഏതൊരു സംരംഭവുമായി ഇറങ്ങിത്തിരിച്ചപ്പോഴും പൊതു സമൂഹത്തിന്റെ സഹായസഹകരണം ഇന്നുവരെ ഉണ്ടായിട്ടുണ്ട്.

**സംസ്ഥാന സമ്മേളനത്തിന് എത്രത്തോളം സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്താനാവും?**

കേരളത്തിൽ ജമാഅത്തെ ഇസ്‌ലാമി വലിയൊരു നവോത്ഥാന പരിഷ്കരണ ദൗത്യമാണ് ഏറ്റെടുത്തത്. സ്ത്രീകളുടെ ഉന്നമനത്തിനും ജീവിതത്തിന്റെ സകല തുറകളിലും അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും സംഘടന എന്നും ശ്രമിച്ചുപോന്നിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ അറുപതുകളിൽ തന്നെ സ്ത്രീകൾക്കായി കോളേജുകൾ ആരംഭിക്കുകയുണ്ടായി. ഇംഗ്ലീഷ്, അറബി, ഉർദു എന്നീ ഭാഷകളടക്കം എല്ലാ വിഷയങ്ങളും അവിടെ പഠിപ്പിച്ചിരുന്നു. കേരളത്തിൽ പ്രസ്ഥാനം തുടക്കം കുറിച്ച മുഴുവൻ ഇസ്‌ലാമിയാ കോളേജുകളിലും പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അവസരമുണ്ടായിരുന്നു. സ്ത്രീകൾക്ക് ഖുർആനും ഹദീസിനുമൊപ്പം മുഖ്യധാരാ വിദ്യാഭ്യാസവും നൽകി. മുസ്‌ലിം സ്ത്രീകൾക്ക് വിദ്യാഭ്യാസം വിലക്കപ്പെട്ടിരുന്ന ഒരുകാലത്താണ് ഈ പരിഷ്കരണ സംരംഭങ്ങൾ. പൗരോഹിത്യം പല്ലും നഖവും ഉപയോഗിച്ച് ഇത്തരം സ്ത്രീശാക്തീകരണങ്ങളെ എതിർത്തു. പൗരോഹിത്യത്തിന്റെ കടുത്ത വിലക്കുകൾ മറികടന്ന് സ്ത്രീകൾക്ക് പള്ളിയിൽ പോകാനുള്ള അവസരമൊരുക്കി. മറ്റു സംസ്ഥാനങ്ങളിൽ സ്ത്രീകൾ ഉയർന്നുവന്നിട്ടുണ്ടെങ്കിലും ഒരു സ്ത്രീ നേതൃനിര കേരളത്തിന് മാത്രം അവകാശപ്പെട്ടതാണ്.

ഇന്നും സ്ത്രീകൾക്ക് നല്ല പങ്കാളിത്തമുണ്ട്. പുരുഷന്മാർ നടത്തുന്ന പരിപാടികളിൽ പോലും സ്ത്രീകളാണ് കൂടുതൽ. ഖുർആൻ ക്ലാസിനൊക്കെ വീട്ടമ്മമാരുടെ നല്ലൊരു നിര തന്നെയുണ്ട്. ഏതു പരിപാടികൾ സംഘടിപ്പിച്ചാലും അറുപത് ശതമാനം സ്ത്രീകളാണ്. ഈ സംഘടിതശക്തിയെ ക്രിയാത്മകമായി പ്രയോജനപ്പെടുത്താൻ വേണ്ട തോതിൽ കഴിഞ്ഞിട്ടില്ല. ചരിത്രപരമായ കാരണങ്ങൾ പലതും അതിനുണ്ട്. ഒരു കുതിച്ചു ചാട്ടമാണ് ഈ സമ്മേളനം ലക്ഷ്യമാക്കുന്നത്.

**സ്ത്രീഉന്നമനത്തിന് വേണ്ടി ആദ്യമേ പ്രവർത്തിച്ച സംഘടനക്ക് ഒരു വനിതാ സമ്മേളനം നടത്താൻ 25 വർഷം കാത്തിരിക്കേണ്ടിവന്നത് എന്തുകൊണ്ട്?**

സ്ത്രീകൾക്ക് വേണ്ടി സ്ത്രീകൾ സംഘടിപ്പിക്കുന്ന സമ്മേളനം എന്നത് പുതിയൊരു ആശയമാണ്. അതേസമയം, ജമാഅത്തെ ഇസ്‌ലാമി ഇതുവരെ നടത്തിയ സമ്മേളനങ്ങളിലെല്ലാം സ്ത്രീകൾ ധാരാളമായി പങ്കെടുത്തിരുന്നുവെന്ന കാര്യം ഓർക്കണം. ദഅ്‌വത്ത്-ഹിറാ സമ്മേളനങ്ങളിലെ വർധിച്ച സ്ത്രീ പങ്കാളിത്തം ഉദാഹരണം. ഞാൻ ചെറിയ കുട്ടിയായിരുന്നപ്പോഴാണ് 1965ൽ ഒരു ജമാഅത്ത് സംസ്ഥാനസമ്മേളനം നടന്നത്. അതിൽ ആസിയ ടീച്ചർ പ്രസംഗിച്ചിട്ടുണ്ട്. അക്കാലത്ത് സ്ത്രീകൾ പ്രസംഗിക്കുക എന്നൊക്കെപ്പറഞ്ഞാൽ വലിയൊരു വിപ്ലവം തന്നെയാണ്. എത്രയോ സെമിനാറുകൾ സ്ത്രീകൾ ഒറ്റക്ക് പലഭാഗങ്ങളിലും നടത്തിയിട്ടുമുണ്ട്. ഇതൊക്കെ കാണിക്കുന്നത് ജമാഅത്തെ ഇസ്‌ലാമി എക്കാലവും സ്ത്രീകൾക്കും തുല്യ പരിഗണനയും പ്രാധാന്യവും നൽകിപ്പോന്നിട്ടുണ്ട് എന്നാണ്.

**ഇസ്‌ലാമിന്റെ ആദ്യ നൂറ്റാണ്ടുകൾ സ്ത്രീ ശാക്തീകരണത്തിന്റെ സുവർണ കാലമായിരുന്നല്ലോ? പിന്നീട് എന്തുപറ്റി? ഇസ്‌ലാമിൽ ഇല്ലാത്ത പൗരോഹിത്യം അല്ലേ അതിന് കാരണം?**

അതെ, ഇസ്‌ലാമിന്റെ സുവർണകാലത്ത് സ്ത്രീ സ്വതന്ത്രയായിരുന്നു. പിന്നീട് ഇസ്‌ലാം പല ദിക്കുകളിലേക്കും വ്യാപിച്ചപ്പോൾ അവിടങ്ങളിലുള്ള പല ആചാരങ്ങളും സംസ്കാരങ്ങളും മുസ്‌ലിംകളിൽ കടന്നുകൂടി. ഇന്ത്യയിലും സംഭവിച്ചത് അതാണ്. ഇസ്‌ലാം ഇന്ത്യയിൽ കടന്നുവരുമ്പോൾ സ്ത്രീകൾ അന്തഃപുരങ്ങളിൽ കഴിഞ്ഞുകൂടുന്ന സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്. അക്കാലത്തെ നോവലുകളും കഥകളുമൊക്കെ പുരുഷന്മാരെ വഞ്ചിക്കുന്നവരായാണ് സ്ത്രീകളെ ചിത്രീകരിച്ചത്. സ്ത്രീകൾക്ക് സ്വാതന്ത്ര്യം നൽകിയാൽ അവർ പുരുഷന്മാരെ വഞ്ചിക്കും എന്ന ധാരണ പ്രബലമായി. ഇതൊക്കെ ആസൂത്രിതമായിരുന്നു. സ്ത്രീകൾ 'വേലി ചാടാതിരിക്കാൻ' കെട്ടി ഉയർത്തിയ വിലക്കുകൾ. അതിന്റെ സ്വാധീനം മുസ്‌ലിംകളിലും ഉണ്ടായി. പഠിച്ചാൽ കത്തെഴുതും എന്ന് പറഞ്ഞാണ് അവൾക്ക് വിദ്യ പോലും നിഷേധിച്ചത്. പിന്നെ അധഃപതനത്തിന്റെ പടുകുഴിയിലേക്കായിരുന്നു അവളുടെ വീഴ്ച.

ഇസ്‌ലാമിന്റെ ആദ്യനൂറ്റാണ്ടുകളിൽ സ്ത്രീകൾ എല്ലാ രംഗത്തും സാന്നിധ്യമറിയിച്ചിരുന്നു- യുദ്ധരംഗത്ത്, പള്ളികളിൽ. മാർക്കറ്റിംഗ് രംഗത്ത് പോലും സ്ത്രീകളെ നിയമിക്കണമെങ്കിൽ എത്രഉയർന്ന കാഴ്ചപ്പാട് വേണം. പടച്ചവൻ പറഞ്ഞത് അംഗീകരിക്കാൻ അവർ മനസ്സുവെച്ചു. ഉമറി(റ)ന് സ്ത്രീകൾ രാവിലെ പള്ളിയിൽ പോകുന്നതിനോട് യോജിപ്പില്ലായിരുന്നു. പക്ഷേ ഇസ്‌ലാം തടയുന്നില്ല. അപ്പോൾ അദ്ദേഹം അത് അനുവദിച്ചു. അക്കാലത്ത് പെണ്ണുങ്ങളോട് കയർത്തു സംസാരിക്കാൻ പോലും പേടിയായിരുന്നു. ആയത്ത് ഇറങ്ങുമോ എന്നായിരുന്നു ഭയം. സ്ത്രീകളുടെ അന്തസ്സിനും അഭിമാനത്തിനും എന്തെങ്കിലും ചെറിയ പ്രശ്നം വരുമ്പോൾ അല്ലാഹു ഇടപെട്ടിട്ടുണ്ട്. ആഇശ(റ)യുടെ കാര്യത്തിലും ഖൗല(റ)യുടെ കാര്യത്തിലും അവർക്ക് അനുകൂലമായി ഖുർആൻ വചനം ഇറങ്ങുകയായിരുന്നു. അഭിമാനം എല്ലാവരുടേതും ഒരുപോലെയാണ്. സ്ത്രീയെ അവഹേളിക്കാനോ അവളുടെ അഭിമാനം പിച്ചിച്ചീന്താനോ ഒരു പുരുഷനും അവകാശമില്ല. പ്രതിക്രിയയുടെ കാര്യത്തിൽ പോലും ആൺപെൺ വ്യത്യാസം ഇസ്‌ലാമിൽ ഇല്ല.

നിലവിലെ പൗരോഹിത്യ സമുദായഘടനയാണ് സ്ത്രീയുടെ അവകാശങ്ങൾ

**നിലവിലെ പൗരോഹിത്യ സമുദായഘടനയാണ് സ്ത്രീയുടെ അവകാശങ്ങൾ നിഷേധിക്കുന്നത്. പള്ളിപ്രവേശം പോലുള്ള കാര്യങ്ങൾ ഇതിൽപെടും. ഇസ്‌ലാം അനുവദിച്ചുതന്ന കാര്യമാണ് ഇവിടെ പൗരോഹിത്യം തടഞ്ഞത്. പള്ളിനേർച്ചകൾക്ക് പാതിരാവിൽപോലും ആൺപെൺ വ്യത്യാസമില്ലാതെ ആളുകൾ കൂട്ടംകൂടും. അതിന് യാതൊരു പ്രശ്നവുമില്ല. അതേസമയം വളരെ സുരക്ഷിതയായി അല്ലാഹുവിന്റെ ഭവനത്തിൽ പ്രാർഥനക്കായി സ്ത്രീ നട്ടുച്ചക്ക് പോയാൽ പോലും ഈ പുരോഹിത വൃന്ദം അപകടം, അപകടം എന്ന് പറഞ്ഞ് ഹാലിളകും. ഈ വൈരുധ്യങ്ങളെക്കുറിച്ച് സ്ത്രീകളെ ബോധവതികളാക്കണം.**

---

നിഷേധിക്കുന്നത്. പള്ളിപ്രവേശം പോലുള്ള കാര്യങ്ങൾ ഇതിൽപെടും. ഇസ്‌ലാം അനുവദിച്ചുതന്ന കാര്യമാണ് ഇവിടെ പൗരോഹിത്യം തടഞ്ഞത്. പള്ളിനേർച്ചകൾക്ക് പാതിരാവിൽപോലും ആൺപെൺ വ്യത്യാസമില്ലാതെ ആളുകൾ കൂട്ടംകൂടും. അതിന് യാതൊരു പ്രശ്നവുമില്ല. അതേസമയം വളരെ സുരക്ഷിതയായി അല്ലാഹുവിന്റെ ഭവനത്തിൽ പ്രാർഥനക്കായി സ്ത്രീ നട്ടുച്ചക്ക് പോയാൽ പോലും ഈ പുരോഹിത വൃന്ദം അപകടം, അപകടം എന്ന് പറഞ്ഞ് ഹാലിളകും. ഈ വൈരുധ്യങ്ങളെക്കുറിച്ച് സ്ത്രീകളെ ബോധവതികളാക്കണം.

സമ്മേളനം പുരുഷന്മാർക്ക് എതിരെയല്ല. പുരുഷന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് തന്നെയാണ്. ഇസ്‌ലാമിന്റെ സ്വഭാവം അതാണ്. രണ്ടുകൂട്ടരും ഒന്നിച്ചാണ്. അതുകൊണ്ടാണ് പാലിക്കേണ്ട മുറകളും മറകളും പഠിപ്പിക്കപ്പെട്ടത്. സമൂഹത്തിൽ ഇറങ്ങേണ്ടത് പെണ്ണ് മാത്രമാണെങ്കിലും പുരുഷൻ മാത്രമാണെങ്കിലും അത് വേണ്ടല്ലോ.

**ഇസ്‌ലാമിന്റെ സുവർണയുഗം പുനഃസ്ഥാപിക്കാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന് എന്ത് ചെയ്യാൻ കഴിയും?**

ലോകം ഇന്ന് ഇസ്‌ലാമിനെ പ്രതീക്ഷയോടെയാണ് കാണുന്നത്. ഈ നൂറ്റാണ്ട് ഇസ്‌ലാമിന്റെതാണ്. അതിന്റെ ശുഭ സൂചനകൾ കണ്ടുവരുന്നുണ്ട്. ഇത് പ്രസ്ഥാനത്തിന് നല്ല ബോധ്യവുമുണ്ട്. എവിടെയൊക്കെയാണ് അപാകതകൾ എന്ന് കണ്ടെത്തി അവ പരിഹരിക്കണം. ഇന്ന് മുസ്‌ലിം സ്ത്രീയെപ്പറ്റി ഒരുപാട് തെറ്റായ ധാരണകൾ സമൂഹത്തിൽ പ്രചരിച്ചിട്ടുണ്ട്. അവ നീക്കി ഇസ്‌ലാമിലെ സ്ത്രീ ആരാണ് എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തണം. സ്ത്രീക്ക് ഇസ്‌ലാമിലുള്ള സ്ഥാനം കൃത്യമായി നിർണയിക്കുകയാണ് സമ്മേളനത്തിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്ന്. അവളുടെ അവകാശങ്ങളും ഉയർത്തിക്കാട്ടും. വികലമായ പലതരം സ്ത്രീവിമോചനാശയങ്ങൾ ഇന്ന് പ്രചാരത്തിലുണ്ട്. അവയുടെ പൊള്ളത്തരം തുറന്ന് കാട്ടാനും പ്രചാരണ പരിപാടികളിൽ ഊന്നൽ നൽകും. ഇങ്ങനെ പൊതുസമൂഹത്തിൽ ഇസ്‌ലാമിനെ സമ്പൂർണമായി പ്രതിനിധീകരിക്കാനായാൽ നമുക്ക് ആ സുവർണയുഗം തിരിച്ചുപിടിക്കാനാവും.

**കുടുംബംവിട്ട് സ്ത്രീ പൊതുരംഗത്ത് ഇറങ്ങുന്നത് എത്രമാത്രം വിജയിക്കും?**

വീട് വിട്ടെറിഞ്ഞ് സമൂഹത്തിലിറങ്ങണമെന്നല്ല പറയുന്നത്. സ്ത്രീയും പുരുഷനും ഒന്നിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്. സ്ത്രീയായാലും പുരുഷനായാലും പ്രഥമ ബാധ്യത കുടുംബത്തോടാണ്. അതിന് കോട്ടം തട്ടാതെയായിരിക്കണം സമൂഹ

പുനർനിർമിതിക്ക് ഇറങ്ങേണ്ടത്. സ്ത്രീകൾ സമൂഹത്തിലിറങ്ങിയാൽ എന്തൊക്കെ സംഭവിക്കില്ല എന്നാണ് ചിലർക്ക് പേടി. കുടുംബത്തോടുള്ള ബാധ്യതകൾ നിർവഹിച്ചാൽ തന്നെ ഒരുപാട് സമയം സ്ത്രീകൾക്ക് ബാക്കിയുണ്ട്.

**വീട്ടിലിരുന്ന് സമൂഹത്തിന് വേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയില്ലേ?**

സ്ത്രീ വീട്ടിൽ നിന്നിറങ്ങിയാൽ മോശക്കാരിയാകുമെന്ന തെറ്റായ ധാരണ നമ്മുടെ സമൂഹത്തിലുണ്ട്. വീട്ടകങ്ങളിൽ വെറുതെ ഇരിക്കുന്ന സ്ത്രീ എന്താണു ചെയ്യുന്നത്? ടിവിയിലെ സിനിമ-സീരിയൽ ലോകത്താണ് അവൾ. അവളുടെ മനസ്സ് നിരന്തരം മലിനമാക്കപ്പെടുകയാണ്. അവളിലൂടെയാണ് സാംസ്കാരികാധിനിവേശം കൂടുതലും നടക്കുന്നത്. ഇത് അപകടകരമാണ്. സ്ത്രീ കാലഘട്ടത്തെ മനസ്സിലാക്കി ഉദ്ബുദ്ധയാകുമ്പോഴാണ് ഏതൊരു സമൂഹവും രക്ഷപ്പെടുക.

കുടുംബത്തോടുള്ള ബാധ്യതകൾ നിർവഹിച്ചു കൊണ്ടുതന്നെ പുരുഷൻ സാമൂഹികബാധ്യത നിറവേറ്റുന്നു. അപ്പോൾ കുടുംബബാധ്യത നിർവഹിച്ച് ശേഷിച്ച സമയം സാമൂഹികസേവനത്തിനിറങ്ങുന്ന സ്ത്രീയുടെ കാര്യത്തിൽ ഈ പേടി അനാവശ്യമാണ്. കാലഘട്ടം മോശമാകുമ്പോൾ സ്ത്രീകളെയാണ് അത് ബാധിക്കുന്നത്. അപ്പോൾ സ്ത്രീകൾ തന്നെയാണ് അതിനെതിരെ പ്രതികരിക്കേണ്ടതും മുന്നിട്ടിറങ്ങേണ്ടതും. എന്നാലേ യഥാർഥ സ്ത്രീമോചനം സാധ്യമാവൂ.

**സമ്മേളനപ്രമേയം കുടുംബത്തെ ഉയർത്തിപ്പിടിക്കുന്നുണ്ടല്ലോ. കുടുംബശൈഥില്യത്തിന്റെ കാലമാണിത്. പൊരുത്തമില്ലാത്തവർ തമ്മിലുള്ള ഒരു കുടുംബം. ഇതിനെ എങ്ങനെയാണ് ഉയർത്തിപ്പിടിക്കുന്നത്?**

കുടുംബശൈഥില്യത്തിന് കാരണം ആശയപൊരുത്തം ഇല്ലായ്മയാണ്. ആദർശപ്പൊരുത്തമാണ് ആവശ്യം. ഇന്ന് കല്യാണ മാർക്കറ്റിൽ പണവും പൊന്നും പ്രശസ്തിയുമൊക്കെയാണ് കടന്നുവരുന്നത്. സ്ത്രീകൾ ബോധവത്കരിക്കപ്പെടുമ്പോൾ മാത്രമേ ഭർത്താവിനോടും കുട്ടികളോടും കുടുംബത്തോടുമുള്ള ബാധ്യത ശരിയാംവണ്ണം നിർവഹിക്കാൻ അവർ പ്രാപ്തരാവൂ. ഇന്ന് രണ്ടവസ്ഥയിൽ നിൽക്കുന്ന സ്ത്രീകളെയാണ് കാണാനാവുക. സ്ത്രീയുടെ സ്വത്വമെന്തെന്ന് തന്നെ തിരിച്ചറിയാത്ത ഒരു വിഭാഗം. ആണിനെയോ അവന്റെ വ്യക്തിത്വത്തെയോ മാനിക്കാത്ത മറ്റൊരു വിഭാഗം. ഒന്നുകിൽ കളരിക്കുപുറത്ത് അല്ലെങ്കിൽ കുരിക്കളുടെ നെഞ്ചത്ത് എന്ന അവസ്ഥ. പുരുഷനെ എതിരിടണം എന്ന കാഴ്ചപ്പാട് ഞങ്ങൾക്കില്ല. പുരുഷനും സ്ത്രീയും ഒന്നിച്ച് മുന്നോട്ട് നീങ്ങണം. ഈയൊരു കാഴ്ചപ്പാടോടെ മുന്നോട്ട് നീങ്ങുമ്പോഴേ യഥാർഥ മോചനം സാധ്യമാകൂ. സ്ത്രീവിമോചനം പറഞ്ഞ് എത്രയെത്ര പ്രസ്ഥാനങ്ങൾ പൊട്ടി മുളച്ചു! ഇന്നും സ്ത്രീ പീഡനഗ്രാഫ് കുത്തനെ തന്നെയാണ്. അന്താരാഷ്ട്ര വനിതാ സമ്മേളനം നടത്തി എന്താണ് ചർച്ച ചെയ്യുന്നത്? സ്ത്രീകൾക്ക് ഫ്രീ സെക്സ് അനുവദിക്കണം! ഇതിന്റെയൊക്കെ പിന്നിൽ പുരുഷന്മാരാണ്. സ്ത്രീകളെ എങ്ങനെ ദുരുപയോഗം ചെയ്യാം എന്ന കുറുക്കന്റെ കണ്ണാണ് അവർക്ക്. സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾക്ക് തന്നെ ദിശാബോധം നഷ്ടപ്പെട്ടിരിക്കുന്നു. സ്ത്രീവിമോചന പ്രസ്ഥാനങ്ങൾക്ക് ദിശ നിർണയിക്കുക എന്നതാണ് സമ്മേളനലക്ഷ്യം.

**മോചനം എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്?**

എല്ലാനിലക്കും സ്ത്രീ ഇന്ന് അപകടം നേരിടുകയാണ്. ജീവിക്കാൻ മാത്രമല്ല, ജനിക്കാൻ തന്നെ സ്ത്രീക്ക് അവകാശമില്ല എന്നായിരിക്കുന്നു. ഷഹാന, സഫിയ,



**സഹോദര സമുദായങ്ങളിൽനിന്ന് ഉൾപ്പെടെഒരു ലക്ഷത്തിലധികം സ്ത്രീകളെ പങ്കെടുപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. വിദേശ പ്രതിനിധികൾ പങ്കെടുക്കും. സഫാ നഗർ എന്നാണ് സമ്മേളന നഗരിയുടെ പേര്. മാസങ്ങൾ നീണ്ടുനിൽക്കുന്ന പ്രചാരണ-ബോധവത്കരണ പരിപാടികളുടെ സമാപനം മാത്രമാണ് കുറ്റിപ്പുറത്ത് നടക്കുന്നത്. സമ്മേളന സന്ദേശം കേരളത്തിന്റെ മുക്കുമൂലകളിൽ വരെ എത്തിക്കുക എന്നതാണ് പ്രധാനം.**

കൃഷ്ണപ്രിയ എത്ര കുരുന്നുജീവനുകളാണ് നമുക്ക് നഷ്ടപ്പെട്ടത്! പുരുഷൻ വേട്ടക്കാരനും സ്ത്രീ ഇരയും ആയി തുടർന്നുകൊണ്ടിരിക്കുന്നു. പെണ്ണിനെ കൂടപ്പിറപ്പായി കാണാനാണ് ഇസ്‌ലാം പഠിപ്പിച്ചത്. സ്വന്തം പിതാക്കന്മാരാലും സഹോദരന്മാരാലും അമ്മാവന്മാരാലും പെൺകുട്ടികൾ പീഡിപ്പിക്കപ്പെടുന്നു. ഇതിനെതിരെ നാം സംഘടിക്കണം. നാം കുറച്ചൊക്കെ തന്റേടികളായാൽ പ്രശ്നം ഇത്ര രൂക്ഷമാവില്ല. ഒരു പെൺകുട്ടിയുടെ മാനവും ജീവനും നഷ്ടപ്പെട്ടാൽ പ്രതികരിക്കുന്നത് ഏതെങ്കിലും സാമൂഹികപ്രവർത്തകൻ മാത്രമാണ്. പ്രതികരിക്കുന്ന സ്ത്രീയെ തന്റേടി എന്നു പറഞ്ഞ് ഒറ്റപ്പെടുത്തുന്നു. നമ്മുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാനുള്ള കരുത്ത് സ്വയം ആർജിച്ചെടുക്കുമ്പോഴാണ് മോചനം സാധ്യമാകുന്നത്.

**ഇത്തരം പ്രശ്നങ്ങളിൽ ഒരു വനിതാ സംഘടന എന്ന നിലയിൽ എത്ര മാത്രം ഇടപെടലുകൾ ഉണ്ടാകുന്നുണ്ട്?**

ജമാഅത്തെ ഇസ്‌ലാമി ഒരു പ്രതിജ്ഞ എടുത്തിട്ടുണ്ട്; ഇസ്‌ലാം സ്ത്രീകൾക്ക് നൽകിയിട്ടുള്ള സ്ഥാനങ്ങളും പദവികളും അവർക്ക് നേടിക്കൊടുക്കുന്നതു വരെ ഈ സമരമുഖത്തുണ്ടാകും എന്ന്. ഇത്തരം പ്രശ്നങ്ങളിൽ ഓരോ സ്ത്രീക്കും സമൂഹത്തിൽ ആർജവത്തോടെ ഇടപെടാനുള്ള പരിശീലനമാണ് സമ്മേളനത്തിലൂടെ നൽകാൻ ശ്രമിക്കുന്നത്.

**നമ്മളാണ് ദിശാബോധം നൽകേണ്ടവരെങ്കിൽ എല്ലാ രംഗത്തും നാം മാതൃകയാവേണ്ടതില്ലേ? പഠിച്ച പെൺകുട്ടികളുടെ സേവനം സമുദായത്തിന്**

**മുതൽകൂട്ടാകാതെ പോകുന്നില്ലേ?**

ശരിയാണ്. ഇന്ന് പ്ലസ്ടു ആണ് മാർക്കറ്റ് വാല്യു. അത് കഴിഞ്ഞാൽ വിവാഹത്തിന് വയസ്സ് പ്രശ്നമാകും. കുറച്ചുകാലം മുമ്പ് അതിനൊരു മാറ്റം ഉണ്ടായിരുന്നു. ഇപ്പോൾ കാര്യം വീണ്ടും അവതാളത്തിലായി. ഇക്കാര്യത്തിലൊക്കെ മാതൃക കാട്ടേണ്ടത് മുസ്‌ലിം സമുദായമാണ്. ഇസ്‌ലാം നൽകിയ സ്ഥാനമാനങ്ങൾ നമുക്ക് ലഭ്യമാവുമ്പോൾ പൊതുസമൂഹത്തിൽ നാം സ്വീകാര്യരായിത്തീരും.

ഇന്നലെകളിലെ കാമ്പസുകൾ തിന്മകൾക്കെതിരെ പ്രതികരിച്ചവരായിരുന്നു. ഇന്നവർ നിഷ്ക്രിയരാണ്. വിദ്യാഭ്യാസം എന്തിന് നേടുന്നു എന്നാലോചിക്കുന്നില്ല. കുറെ സർട്ടിഫിക്കറ്റുകൾ തരപ്പെടുത്തി ജോലി നേടുക എന്നതിനപ്പുറം വിദ്യാഭ്യാസത്തിന് ലക്ഷ്യമില്ലെന്ന് വന്നിരിക്കുന്നു. അത് നിലവിലെ വിദ്യാഭ്യാസത്തിന്റെ കുഴപ്പമാണ്. യാഥാർഥത്തിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ജോലി സമ്പാദനം മാത്രമല്ല. അതുകൊണ്ടാണ് വിദ്യാഭ്യാസം മൂല്യവത്താകണമെന്ന് പറയുന്നത്. ഇന്ന് നമ്മുടെ കുട്ടികൾക്ക് ഹൈഡ്രജനും ഓക്സിജനും ചേർന്നാലാണ് വെള്ളമുണ്ടാകുന്നത് എന്നറിയാം. എന്നാൽ അടുത്തിരിക്കുന്ന ദാഹിക്കുന്ന കുട്ടിക്ക് വെള്ളം കൊടുക്കാനുള്ള അറിവ് ഇല്ല. അത്തരമൊരു വിദ്യാർഥി സമൂഹമാണ് ഇന്നുള്ളത്. കൊലപാതകങ്ങളിലും കള്ളക്കടത്തിലും പെൺവാണിഭത്തിലും ഉൾപ്പെടുന്നത് ഡോക്ടർമാരും എഞ്ചിനീയർമാരും വക്കീലന്മാരും ഉൾപ്പെട്ട വിദ്യാസമ്പന്നരാണ്.

പഠിക്കാൻ ഇന്നേറെ മുന്നിൽ പെൺകുട്ടികളാണ്. അതിന്റെ ചെറിയൊരു മാറ്റം കാണാനുമുണ്ട്. പണ്ടൊക്കെ കല്ല്യാണസമയത്ത് മഹറായി എന്തെങ്കിലും കൊടുക്കും. അല്ലെങ്കിൽ ഒരു മഹറ് പറയും. പിന്നെ കല്ല്യാണം കഴിഞ്ഞ് മഹറ് ലഭിച്ചില്ലെങ്കിലും സ്ത്രീ അത് പൊരുത്തപ്പെടും. എന്നാൽ പെൺകുട്ടികൾ ഇന്ന് മഹറ് ചോദിച്ചുവാങ്ങുന്നുണ്ട്. സ്ത്രീധനം മോശമായ ഏർപ്പാടാണെന്ന് എല്ലാവർക്കും അറിയാം. അതുകൊണ്ട് അത് തനിക്ക് വേണ്ടതില്ല എന്ന് വാശിപിടിക്കുന്ന പെൺകുട്ടികളും ഏറെയാണ്. ഈ നിലക്ക് പല മാറ്റങ്ങളും കാണുന്നുണ്ട്. ഈ മാറ്റങ്ങളെ ത്വരിതപ്പെടുത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം.

എന്നാലും ജോലിയുടെ കാര്യം വരുമ്പോൾ ടീച്ചിംഗ് മാത്രം പ്രഫഷനായി സ്വീകരിക്കുക എന്ന ഒരു അവസ്ഥ ഇന്നും മാറിയിട്ടില്ല. അതും പതുക്കെ മാറും. ക്രമബന്ധിതമായ വളർച്ചയാണ് ഉണ്ടാവേണ്ടത്. പെൺകുട്ടികൾ എല്ലാ രംഗത്തും മാറും.

**'സാമൂഹികവിപ്ലവത്തിന് സ്ത്രീശക്തി' എന്നത് സമുദായത്തിലെ മറ്റ് സംഘടനാ നേതൃത്വങ്ങളിൽ നിന്ന് വിമർശനം ഉയരാൻ കാരണമാവില്ലേ?**

നമ്മുടെ സാമൂഹികരംഗം മൂല്യച്യുതിയിലാണ്. വിദ്യാഭ്യാസരംഗത്തും ഭരണരംഗത്തും എല്ലാം മൂല്യത്തകർച്ചയാണ്. നഷ്ടപ്പെട്ട മൂല്യങ്ങൾ തിരിച്ചുപിടിക്കണം. അതാണ് സാമൂഹിക മാറ്റം. അല്ലാതെ സ്ത്രീകളെയൊക്കെ പുറത്തിറക്കിക്കൊണ്ട് അടുക്കള ഒഴിവാക്കാനല്ല. അടുക്കളയിൽ നിന്ന് മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മാറ്റം. അങ്ങനെ ഓരോ സ്ത്രീയും ശ്രമിച്ചാൽ നല്ല തലമുറ ഉണ്ടാകും. കമലാ സുറയ്യ ഒരിക്കൽ പറഞ്ഞു: 'എന്റെ മക്കളെക്കുറിച്ച് എനിക്ക് നല്ല ഉറപ്പാണ്. അവരൊരു സ്ത്രീയെയും ദ്രോഹിക്കില്ല. അവരൊരു സ്ത്രീയുടെയും അഭിമാനത്തിന് ക്ഷതം ഏൽപ്പിക്കുകയില്ല.' അങ്ങനെ ഓരോ സ്ത്രീക്കും തന്റെ മക്കളെ കുറിച്ച് പറയാൻ കഴിഞ്ഞാൽ സമൂഹം നന്നായി. ഈയൊരു അവസ്ഥയിലേക്ക് മാറണം. അതാണ് സാമൂഹിക വിപ്ലവത്തിന് സ്ത്രീശക്തി. അല്ലാതെ എല്ലാവരും ഭരണം കയ്യാളണം



**ജമാഅത്തെ ഇസ്‌ലാമി ഒരു പ്രതിജ്ഞ എടുത്തിട്ടുണ്ട്; ഇസ്‌ലാം സ്ത്രീകൾക്ക് നൽകിയിട്ടുള്ള സ്ഥാനങ്ങളും പദവികളും അവർക്ക് നേടിക്കൊടുക്കുന്നതു വരെ ഈ സമരമുഖത്തുണ്ടാകും എന്ന്. ഇത്തരം പ്രശ്നങ്ങളിൽ ഓരോ സ്ത്രീക്കും സമൂഹത്തിൽ ആർജവത്തോടെ ഇടപെടാനുള്ള പരിശീലനമാണ് സമ്മേളനത്തിലൂടെ നൽകാൻ ശ്രമിക്കുന്നത്.**

---

എന്നല്ല.

നിലവിലുള്ള വ്യവസ്ഥിതിയെ വെല്ലുവിളിച്ചുകൊണ്ടേ ആ ഒരവസ്ഥയിലേക്ക് എത്താൻ പറ്റുകയുള്ളൂ എന്നാണെങ്കിൽ അങ്ങനെത്തന്നെ വേണം. ജമൽ യുദ്ധം നയിച്ചത് ആഇശ(റ) ആണ്. അവർഒട്ടകപ്പുറത്തിരുന്ന് പ്രസംഗിച്ചു. അതാണ് ചരിത്രം. സ്ത്രീക്ക് ഒരു സേവനമനസ്സുണ്ട്. അവൾക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയും. സേവനം എന്നു പറഞ്ഞാൽ നമുക്കാകെ അറിയുന്നത് ഒരു മദർതെരേസയെ ആണ്. അതുപോലെ ഇസ്‌ലാമിൽ ഒരുപാട് പേർ ഉണ്ട്.

**ഒരു മദർതെരേസയെ സംഭാവന ചെയ്യാൻ ക്രിസ്ത്യാനിറ്റിക്ക് കഴിഞ്ഞു. പക്ഷേ സ്ത്രീക്ക് അർഹമായ സ്ഥാനം നൽകിയ ഇസ്‌ലാമിന് മദർതെരേസമാരെ ഉണ്ടാക്കിയെടുക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല?**

ആരുപറഞ്ഞു ഇല്ലെന്ന്. ചരിത്രം യഥാവിധി വായിക്കപ്പെടാത്തതു കൊണ്ട് അവർ അറിയപ്പെടുന്നില്ല എന്ന് മാത്രം. പ്രവാചക കാലഘട്ടത്തിൽ ഒരുപാട് സ്ത്രീകൾ ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് ഉമ്മു അതിയ്യ. നഴ്സിംഗ് രംഗത്താണ് അവർ പ്രവർത്തിച്ചത്. യുദ്ധവേളകളിൽ, ആധുനിക കാലത്തെപ്പോലെ ഡിസ്പെൻസറിയൊക്കെ ഒരുക്കി മുറിവേറ്റവരെ പരിചരിക്കാനുള്ള സന്നാഹം അവർ ഒരുക്കിയിരുന്നു. സൈനബ്(റ) ചരിത്രത്തിൽ അറിയപ്പെടുന്നത്, പാവങ്ങളുടെ അമ്മ എന്നർഥം വരുന്ന 'ഉമ്മുൽ മസാകീൻ' എന്ന പേരിലാണ്.

ആധുനിക ലോകത്തും അത്തരം സേവനം ചെയ്യുന്നവർ ധാരാളം ഉണ്ട്. അവരെ ലോകവും മാധ്യമങ്ങളും അവഗണിക്കുകയാണ്. ജനസേവനം ദൈവാരാധനയായിക്കാണുന്ന മതമാണ് ഇസ്‌ലാം. ജനങ്ങളിലൂടെയാണ് ദൈവത്തിലേക്കടുക്കുക. അങ്ങനെ പഠിപ്പിക്കപ്പെടുന്ന സ്ത്രീ ഇതിലൊന്നും പിന്നാക്കമാകാൻ പാടില്ല. എന്നാൽ പിന്നാക്കമാണെന്നത് യാഥാർഥ്യവുമാണ്. ചരിത്രം ഒരുപാട് സ്ത്രീകളെപ്പറ്റി പറയുന്നു. എഴുന്നൂറോളം സ്ത്രീകൾ ഹദീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവരെ സമൂഹം അംഗീകരി

ച്ചു. റസൂലിന്റെ വാക്കുകൾ അദ്ദേഹത്തിൽ നിന്നും കേട്ട് സമൂഹത്തിന് പകർന്നു കൊടുക്കുകയാണ്. ഇത് ചില്ലറ കാര്യമല്ല. നബി അവരെ തടഞ്ഞില്ല. ആഇശ(റ)ക്ക് ഹദീസിൽ മാത്രമല്ല വൈദ്യം, ഗണിതം എന്നിവയിലൊക്കെ നല്ല പ്രാഗത്ഭ്യം ഉണ്ടായിരുന്നു.

**സമ്മേളനത്തിൽ സമുദായത്തിനകത്തും പുറത്തുമുള്ള മറ്റു വനിതാസംഘടനകളുടെ പ്രാതിനിധ്യം ഉണ്ടാവുമോ?**

ഇൻശാ അല്ലാഹ്, എല്ലാവരും ഉണ്ടാകും. സമുദായത്തിലെ സ്ത്രീകളും ഇതര സ്ത്രീസംഘടനകളുമൊക്കെ നന്നായി സഹകരിക്കുന്നുണ്ട്. സ്ത്രീ പ്രശ്നങ്ങളിൽ നമുക്കൊന്നിച്ച് പ്രവർത്തിക്കാം എന്ന് അവർ പലപ്പോഴും പറയാറുള്ളതാണ്.

**മുസ്ലിം ഐക്യം കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ സമ്മേളനം അതിനൊരു വേദിയാകുമോ?**

മുസ്ലിംകൾ ഒന്നിച്ചുനിൽക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. എല്ലാവരും ഒന്നിച്ച് ശ്രമിച്ചെങ്കിലേ സമുദായം രക്ഷപ്പെടൂ. അഭിപ്രായ വ്യത്യാസങ്ങൾ മാറ്റിവെക്കാൻ തയാറാകണം. മുസ്ലിം ഐക്യത്തിന് വനിതാ സമ്മേളനം നിമിത്തമാകുമെങ്കിൽ അതൊരു ചരിത്ര നേട്ടം തന്നെയായിരിക്കും.

സ്ത്രീകൾക്കാണ് ശരിക്കും സമൂഹത്തെ രക്ഷിക്കാനാവുക. കാരണം സ്ത്രീകളുടെ മടിത്തട്ടിലാണ് തലമുറ വളരുന്നത്. ഇറാൻ വിപ്ലവം വിജയിപ്പിച്ചത് സ്ത്രീകളാണെന്ന് ആയത്തുല്ലാ ഖുമൈനി പറയുകയുണ്ടായി. 'നിങ്ങൾ രംഗത്ത് വന്നാൽ ആരാണ് നിങ്ങളുടെ കൂടെയുണ്ടാവുക' എന്ന് അദ്ദേഹത്തോട് ചോദിച്ചപ്പോൾ 'അവർ എന്റെ സഹോദരിമാരുടെ മടിത്തട്ടിൽ വളർന്ന് വരുന്നുണ്ട്' എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. അത് ശരിയായിരുന്നു എന്നതിന് ചരിത്രം സാക്ഷി. മദ്റസപോലും ഇല്ലാഞ്ഞിട്ടും തുർക്കിയിൽ ഇസ്ലാം എങ്ങനെ ഉയിർത്തെഴുന്നേറ്റു എന്ന ചോദ്യത്തിന് അവിടത്തെ ഇസ്ലാമിക പ്രസ്ഥാന നായകൻ നജ്മുദ്ദീൻ അർബകാന്റെ മറുപടി, 'സ്ത്രീകൾ വിപ്ലാവേശം ഏറ്റുവാങ്ങി അത് തലമുറകൾക്ക് പകർന്നു കൊടുത്തു' എന്നായിരുന്നു. അപ്പോൾ സ്ത്രീ വിചാരിച്ചാൽ ഏത് സമൂഹത്തെയും മാറ്റിയെടുക്കാൻ കഴിയും.

**അവസരം കിട്ടിയിരുന്നെങ്കിൽ സ്ത്രീകൾ കുറെക്കൂടി മുന്നേറുമായിരുന്നു എന്നു തോന്നുന്നുണ്ടോ?**

നല്ലവണ്ണം പ്രസംഗിക്കാനും എഴുതാനും കഴിവുള്ള സ്ത്രീകൾ നമ്മുടെ ഇടയിൽ ഉണ്ട്. ഇന്നും വൈജ്ഞാനിക രംഗത്ത് മുന്നേറുന്നത് പെൺകുട്ടികളാണ്. പക്ഷേ ഇതൊന്നും പുറത്തേക്കെടുക്കാനോ വിവിധ മേഖലകളിൽ മുന്നേറാനോ കഴിഞ്ഞിട്ടില്ല. സമ്മേളനം ഒരു പ്രത്യേക സമുദായത്തെ മുന്നിൽ കണ്ടല്ല. മൊത്തം സ്ത്രീകളെ ഉയർത്തുക എന്നതാണ് സമ്മേളന ലക്ഷ്യം.

**പ്രസ്ഥാനം സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്നുണ്ട് എന്നു പറഞ്ഞു. എന്നിട്ടും അത്തരം കുടുംബങ്ങളിൽ നിന്ന് സ്ത്രീകൾക്ക് ഉയർന്നുവരാൻ കഴിയുന്നില്ലല്ലോ?**

സ്ത്രീകളെ സംബന്ധിച്ചേടത്തോളം കുടുംബത്തിൽ പുരുഷന്മാരുടെ സപ്പോർട്ട് വളരെ അത്യാവശ്യമാണ്. ഒരു യോഗത്തിനോ മറ്റോ പോയാൽ അത് ഉൾക്കൊള്ളാൻ പറ്റാത്ത കുടുംബമാണെങ്കിൽ പ്രസ്ഥാനം എത്ര പ്രോത്സാഹിപ്പിച്ചിട്ടും കാര്യമില്ല.

**സ്ത്രീ ശാക്തീകരണ ചർച്ച ഇസ്ലാമിക പ്രസ്ഥാനത്തിൽ മാത്രം ഒതുങ്ങിപ്പോകുന്നില്ലേ?**

ജമാഅത്തെ ഇസ്ലാമി ഇന്ത്യയിലെ ചെറിയൊരു സംഘടനയാണ്. അതു

കൊണ്ട് തന്നെ ആശയങ്ങൾ സാധാരണ സ്ത്രീകളിൽ എത്തിക്കാൻ വളരെ കാലം പിടിക്കും. അതേസമയം സംഘടനയുടെ എല്ലാ തലങ്ങളിലും വനിതാ പ്രാതിനിധ്യം ഉറപ്പ് വരുത്താൻ ജമാഅത്ത് തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി സംഘടനയുടെ ഭരണഘടനയിൽ ഭേദഗതികൾ വരെ വരുത്തി. ജമാഅത്തിന്റെ ഉന്നതാധികാര സമിതിയായ കേന്ദ്രപ്രതിനിധി സഭയിൽ ഓരോ സംസ്ഥാനത്തെയും ജമാഅത്ത് വനിതാ അംഗങ്ങളുടെ എണ്ണം കണക്കിലെടുത്ത് സ്ത്രീ സംവരണം ഏർപ്പെടുത്താനും നീക്കമുണ്ട്.

**ഇതര സംസ്ഥാനങ്ങളിൽ നിന്ന് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾ കേരളത്തിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?**

മറ്റു സംസ്ഥാനങ്ങളിൽ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളിൽ കേരളത്തിന്റെ അത്ര സജീവത ഇല്ല. കേരളത്തിലെ ഇസ്‌ലാമിക സ്ഥാപനങ്ങളൊക്കെയാണ് ഇതിന് കാരണം. സമൂഹത്തിലെ അധഃസ്ഥിതരായ സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങളിൽ വേണ്ടത്ര മാധ്യമ ശ്രദ്ധ പതിയുന്നില്ല. മീഡിയാ ശ്രദ്ധ മുസ്‌ലീം സ്ത്രീയിൽ മാത്രം ഒതുങ്ങുകയാണ്. അക്കാര്യം കൂടി ജനശ്രദ്ധയിൽ കൊണ്ടുവരാൻ സമ്മേളനം ശ്രമിക്കും. ജാതീയമായ ഉച്ചനീചത്വങ്ങൾ ഒരുപാട് ഉണ്ട്. കേരളത്തിന് വെളിയിൽ അവർ ഒരുപാട് പീഡനങ്ങൾ അനുഭവിക്കുന്നു. അവരെ ഉയർത്തിക്കൊണ്ട് വരാൻ ഒരുപാട് ശ്രമങ്ങൾ നടത്തുന്നുണ്ട്. വിഷൻ 2016 ഒക്കെ അതിന്റെ ബാധകമാണ്.

**ജമാഅത്ത് ശൂറയിൽ സ്ത്രീകൾക്കുവേണ്ടി സംസാരിക്കാറുണ്ടോ?**

സ്ത്രീകൾക്കു വേണ്ടി ശൂറയിൽ പുരുഷന്മാരും സംസാരിക്കാറുണ്ട്. ജമാഅത്തിൽ വനിതാ അംഗങ്ങൾ വളരെ കുറവാണ്. പുരുഷന്മാർ വോട്ട് ചെയ്തില്ലെങ്കിൽ ഞാൻ ശൂറയിൽ എത്തുമായിരുന്നില്ല. ഇസ്‌ലാമിക വീക്ഷണം ഉയർത്തിപ്പിടിച്ച് തന്നെയാണ് ജമാഅത്തെ ഇസ്‌ലാമി സ്ത്രീകൾക്ക് കടന്നുവരാൻ അവസരമൊരുക്കുന്നത്. ഇതിന്റെ പേരിൽ കുറെ വിമർശനങ്ങൾ പ്രസ്ഥാനം നേരിടേണ്ടി വന്നിട്ടുണ്ട്. അതൊന്നും പ്രസ്ഥാനത്തെ തളർത്തുകയല്ല, വളർത്തുകയാണ് ചെയ്തത്. പ്രസ്ഥാനം ഇത്തരം വിമർശനങ്ങൾക്കൊന്നും മറുപടി പറയാറില്ല. കൂടുതൽ ക്രിയാത്മകമായ രീതിയിൽ ഇടപെടും. ആദ്യം ആക്ഷേപിച്ചവർ തന്നെ പിന്നീട് പ്രസ്ഥാനത്തിന്റെ വഴി പിൻപറ്റുകയാണ് ചെയ്തിട്ടുള്ളത്.

**ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറി എന്ന നിലക്കുള്ള അനുഭവം?**

അത് വെറും പദവി മാത്രമല്ല. നമ്മുടെ വാക്കുകൾ പ്രസ്ഥാനം എന്നും മുഖവിലക്കെടുത്തിട്ടുണ്ട്. പ്രവാചകന്റെയും ഖുലഫാഉർറാശിദുകളുടെയും കാലത്ത് സ്ത്രീകളോടും കൂടിയാലോചിച്ചിരുന്നുവല്ലോ. അവരുടെ അഭിപ്രായം സ്വീകരിക്കുകയും ചെയ്തിരുന്നു. അതാണ് നമ്മുടെ മാതൃക. സ്ത്രീകൾ ഇനിയും ശൂറയിൽ കടന്നുവരും; സ്ത്രീകൾ സ്വയമേവ കരുത്ത് തെളിയിക്കുകയാണെങ്കിൽ. കരുത്തുറ്റ ഒരു വനിതാനിര വളർന്നുവരുന്നുണ്ടെന്ന് തന്നെയാണ് വിശ്വാസം.

**സർക്കാറിന്റെ വനിതാ സംവരണ നയത്തെ എങ്ങനെ കാണുന്നു?**

സംവരണത്തെ ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗം സ്വാഗതം ചെയ്യുന്നുണ്ട്. അതേസമയം അത് അർഹരായവർക്ക് കിട്ടുന്നുവെന്ന് ഉറപ്പുവരുത്തണം. ഭരണഘടന ഭേദഗതി ചെയ്തും അർഹരായവർക്കെല്ലാം സംവരണം ഉറപ്പാക്കണം. ■